TB Movie Panel Weekly Review

**#MoviePanel**

ജോ & ജോ

എഴുതിയത് : Athira Chandini Pillai

OTT : Amazon Prime

അരുൺ ഡി ജോസ് ൻ്റെ സംവിധാനത്തിൽ തീയറ്റർ റിലീസ് ചെയ്തു നിഖില വിമൽ, മാത്യു തോമസ് ,നസ്ലിൻ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളായി എത്തിയ കോമഡി എന്റെർറ്റൈനെർ സിനിമയാണ് ജോ & ജോ .

ലോക്ക്ഡോൺ കാലഘട്ടത്തിൽ ഒരു മധ്യ വർഗ കുടുംബത്തിൽ നടക്കുന്ന ചില സംഭവങ്ങൾ, കോമഡിയുടെ മേമ്പൊടി ചേർത്ത് ലളിതമായി പറഞ്ഞു പോകുന്നത് രസകരമായിരുന്നു.

ഒരു സഹോദരനോ സഹോദരിയോടൊപ്പം ഇത്തരം ഒരു മധ്യ വർഗ്ഗ കുടുംബത്തിൽ ജനിച്ചു വളർന്ന എല്ലാവര്ക്കും ഈ സിനിമ നന്നായി relate ചെയ്യാൻ പറ്റും എന്ന് തീർച്ച.

ജോമോൾ , ജോമോൻ പേര് പോലെ തന്നെ ഇത്ര ലളിതമായി സാധാരണക്കാർക്ക് മനസിലാകുന്ന രീതിയിൽ Gender Equality യെ കുറിച്ച് പ്രതിപാദിക്കുന്ന സിനിമകൾ അടുത്തെങ്ങും കണ്ടതായി ഓർക്കുന്നില്ല.

ഒരേ സമയം കൗമാരക്കാരനായ ജോമോന്റെ വിചാരങ്ങളും , patriarchy യുടെ ചട്ടക്കൂടിൽ പെട്ട് പോകാത്ത സ്വതന്ത്ര ചിന്താഗതിക്കാരിയായ ജോമോളുടെ വീക്ഷണങ്ങളും ഒരേ ത്രാസിൽ തൂക്കാൻ സംവിധായകന് കഴിയുന്നുണ്ട്.

സിനിമയിൽ ഒരു രംഗത്ത് ജോമോൾ അമ്മയോട് പറയുന്ന ഒരു സംഭാഷണം ഉണ്ട് ' നേരത്തെ എഴുന്നേൽക്കാനും , ഭക്ഷണം ഉണ്ടാക്കാനും ,വീട്ടിലെ ജോലികളെല്ലാം ചെയ്യാനും അവളെ പഠിപ്പിക്കുന്ന അമ്മ , ഭാവിയിലേക്ക് തൻ്റെ മകളിൽ ഒരു നല്ല 'ഭാര്യ' യെ സൃഷ്ടിക്കാൻ പരിശ്രമിക്കുമ്പോൾ , സ്വന്തം വസ്ത്രം പോലും അലക്കാത്ത, ഭക്ഷണം കഴിച്ച പാത്രം പോലും എടുത്തു കൊണ്ട് പോകാത്ത മകനിൽ എന്ത് കൊണ്ട് നല്ലൊരു ഭർത്താവിനെ സൃഷ്ടിക്കാൻ മെനക്കെടുന്നില്ല എന്ന്?

നല്ല ഭാര്യമാർ മാത്രം മതിയോ? നല്ല ഭർത്താക്കന്മാരും വേണ്ടേ ?

സാധാരണമെന്നു തോന്നുന്ന ഒരു രംഗം,വളരെ വ്യക്തമായ ഒരു സന്ദേശം ,എത്രയോ ലളിതമായി പ്രേക്ഷകരിലേക്ക് convey ചെയ്യുന്നു.

സിനിമയുടെ പശ്ചാത്തലമായി എത്തിയ വീടും സിനിമയിൽ ഒരു പ്രധാന കഥാപാത്രമാണ്.

ജോമോൾ, ജോമോൻ, സുഹൃത്തുക്കളായി എത്തുന്ന മനോജ് സുന്ദരൻ, എബി നാല് പേരും അവരവരുടെ കഥാപാത്രങ്ങൾ ഭംഗിയാക്കി.

മക്കളെ സപ്പോർട്ട് ചെയ്യുന്ന അച്ഛൻ കഥാപാത്രം എന്ന സ്ഥിരം ചട്ടക്കൂടിൽ നിന്ന് പുറത്തു വരാൻ ജോണി ആന്റണിക്ക് കഴിഞ്ഞില്ലെങ്കിലും ജോണി ആന്റണി നിഖില വിമൽ Combo സീനുകളെല്ലാം മനോഹരമായിരുന്നു.

സ്ഥിരം അഭിനയ ,സംഭാഷണ ശൈലി മാറ്റി പിടിച്ചു നസ്ലിൻ നല്ല പ്രകടനം കാഴ്ചവെക്കുന്നു.

വലിയ ട്വിസ്റ്റുകളും സസ്പെൻസുകളും ഒന്നുമില്ലെങ്കിൽ കൂടി രസകരമായി കണ്ടു ആസ്വദിക്കാവുന്ന ഒരു കൊച്ചു സിനിമ അതാണ് ജോ & ജോ.